## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2096</u> <u>10.10.2011-ൽ മറുപടിക്ക്</u>

### <u>പ്രതിരോധ മരുന്നുകളും പാർശ്വഫലങ്ങളും</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി ഗീതാ ഗോപി : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പമന്ത്രി) |
| (എ) പാർശ്വഫലങ്ങളെക്കുറിച്ച് ശരിയായ പഠനം നടത്താതെ പുതിയ പ്രതിരോധ മരുന്നുകൾ കുട്ടികളിൽ പ്രയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) എങ്കിൽ ഏതെല്ലാം മരുന്നുകളാണ് ഇതിനുപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | <u>(എ)&(ബി)</u><br>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) അഞ്ച് പ്രതിരോധ മരുന്നുകൾ ഒറ്റയടിക്ക് നൽകുന്ന പെന്റാവാലന്റ് വാക്സിൻ കുട്ടികൾക്ക് നൽകുന്നതിൽ നിന്നും പിൻതിരിയുമോ ? | (സി) പെന്റാവാലന്റ് വാക്സിൻ നിലവിൽ വന്നിട്ട് ഏകദേശം 20 വർഷത്തോളമായി. കേരളത്തിൽ തന്നെ കഴിഞ്ഞ 10 വർഷമായി പ്രൈവറ്റ് മേഖലയിൽ ഈ വാക്സിൻ ഉപയോഗിച്ച് വരുന്നുണ്ട്. ഈ വാക്സിന് ലോകാരോഗ്യ സംഘടനയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ഇന്ത്യയിൽ കേന്ദ്രഗവൺമെന്റിന് വാക്സിൻ പോളിസിയെക്കുറിച്ച് സാങ്കേതിക ഉപദേശം നൽകുന്ന കമ്മിറ്റികളായ നാഷണൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ഓൺ ഇമ്മ്യൂണൈസേഷനും ഇൻഡ്യ എക്സ്പെർട്ട് കമ്മറ്റി ഓൺ വാക്സിൻസ് ആന്റ് ഇമ്മ്യൂണൈസേഷനും ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന് പ്രതിരോധ കുത്തിവെയ്പ് പ്രോഗ്രാമിന് ഈ വാക്സിൻ ഉൾപ്പെടുത്താൻ വേണ്ടി വിദഗ്ധോപദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഈ വർഷം കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലാണ് ആദ്യഘട്ടമെന്ന നിലയിൽ ഈ വാക്സിൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇത് പൂർണമായും സൗജന്യമായിട്ടാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നത്. ഈ വാക്സിനെക്കുറിച്ച് ചില ആശങ്കകൾ മാധ്യമങ്ങൾ വഴി ഉയർന്നുവന്ന സാഹചര്യത്തിൽ കേരളത്തിൽ ഇതിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട അഭിപ്രായ സ്വരൂപീകരണം നടത്തിയതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ